**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3571** **08-10-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരിക്കടവ് പാലം, കൊല്ലം- നെല്ല്യാടി-മേപ്പയ്യൂർ റോഡ് എന്നീ പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരിക്കടവ് പാലം, കൊല്ലം- നെല്ല്യാടി-മേപ്പയ്യൂർ റോഡ് എന്നീ പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><u>അകലാപ്പുഴ പാലം നിർമ്മാണം.</u><br><br>അകലാപ്പുഴ പാലം നിർമ്മാണം ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ഭാഗമായ സർവ്വേ ആൻഡ് ലാൻഡ് ബൗണ്ടറിസ് ആക്ട് 1961 പ്രകാരമുള്ള 6 (1) വിജ്ഞാപനം 10-08-2025 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ചിൽ പരാമർശിച്ചത് പ്രകാരമുള്ള കല്ലുകൾ ഭൂമിയിൽ സ്ഥാപിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവ സ്ഥാപിച്ച് കല്ലുകളിൽ നമ്പർ രേഖപ്പെടുത്തി ക്രോസ് അളവുകളും മാർക്ക് ചെയ്ത് അറിയിക്കണമെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അർത്ഥനാധികാരിക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ സംയുക്ത പരിശോധന നടത്തുന്നതാണ്.<br><br><u>നടേരിക്കടവ് പാലം നിർമ്മാണം.</u><br><br>നടേരിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ എൽ. എ. ആർ. ആർ. ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും സർവ്വേ സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില അംഗീകരിച്ചിട്ടുള്ളതുമാണ്. കീഴരിയൂർ വില്ലേജ് നടുവത്തൂർ ദേശത്ത് ഉൾപ്പെട്ട ഭൂമിയുടെ കുഴിക്കൂർ ചമയങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുള്ളതും ആയത് വിലനിർണ്ണയത്തിനായി ബന്ധപ്പെട്ട കാര്യാലയങ്ങളിലേക്ക് കൈമാറുന്ന നടപടി സ്വീകരിച്ചു വരികയുമാണ്. ബാക്കിയുള്ള ഭാഗമായ വിയ്യൂർ വില്ലേജ് |

| | | | |
|---|---|---|---|
| | | | വിയ്യൂർ ദേശത്തെ ഭൂമിയിൽ കൈവശക്കാർ കൃത്യമായ അതിരടയാളങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അപ്പോർഷൻമെന്റ് ജോലികൾ പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ആ ഭാഗത്തെ കുഴിക്കൂർ ചമയങ്ങളുടെ വിവരശേഖരണം നടത്താൻ സാധിക്കുകയുള്ളു. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br><u>കൊല്ലം നെല്യാടി മേപ്പയ്യൂർ റോഡ് നിർമ്മാണം</u><br><br>കൊല്ലം നെല്യാടി മേപ്പയ്യൂർ റോഡ് നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ 11(1) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എൽ.എ. സബ്ഡിവിഷൻ നടപടികളും ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ 2013ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾക്കനുസരിച്ചാണ് നടപ്പാക്കി വരുന്നത്. ടി ആക്ടനുസരിച്ചുള്ള വിജ്ഞാപനങ്ങൾ, സർവ്വേ, ഫണ്ടിന്റെ ലഭ്യത, അവാർഡ്, ഹിയറിങ്, നിയമപരമായ അംഗീകാരങ്ങൾ എന്നീ നിയമപരമായ പ്രവൃത്തികളെ ആശ്രയിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മേൽ പ്രകാരമുള്ള കാര്യങ്ങൾ പൂർത്തീകരിച്ചുകൊണ്ട് എൽ.എ.ആർ.ആർ. ആക്ട് 2013 അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ